പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : **2844** 20/03/2015-ൽ മറുപടിയ്ക്ക്

## പേരാമ്പ്രയിൽ മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ ഭൂമി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) | |
| (എ) | പേരാമ്പ്രയിൽ മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ കീഴിൽ ഉണ്ടായിരുന്നതും പ്രസ്തുത സംവിധാനം ഇല്ലാതായതിനുശേഷം സർക്കാരിൽ നിക്ഷിപ്തവുമായ ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വെളിപ്പെടുത്തുമോ; | (എ) | ഭൂമി ഇപ്പോഴും സർക്കാരിൽ നിക്ഷിപ്തമാണ്. |
| (ബി) | പ്രസ്തുത ഭൂമി സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ; എങ്കിൽ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. കോടതി വിധിക്കെതിരെ പേരാമ്പ്ര ഗ്രാമപഞ്ചായത്ത് നൽകിയ അപ്പീലിന്മേൽ നടപടികൾ കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. |
| (സി) | കേസ് സംബന്ധിച്ച് നിയമ വകുപ്പിന്റെയും അഡ്വക്കേറ്റ് ജനറലിന്റെയും ഉപദേശം തേടിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | സിംഗിൾ ബെഞ്ച് വിധിന്യായത്തിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിട്ടുണ്ട്. |
| (ഡി) | നിയമോപദേശം ലഭിച്ചിട്ടുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട് എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ഡി) | ഇല്ല. |
| (ഇ) | നിയമവകുപ്പിനോടും അഡ്വക്കേറ്റ് ജനറലിനോടും കേസ് സംബന്ധമായ ഉപദേശം തേടിയിട്ടുണ്ടെങ്കിൽ ആവശ്യമായ എല്ലാ രേഖകളും റവന്യു വകുപ്പ് സമർപ്പിച്ചിരുന്നോ എന്നു വെളിപ്പെടുത്തുമോ; | (ഇ) | പ്രത്യേക രേഖകളൊന്നും ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (എഫ്) | എങ്കിൽ എന്തെല്ലാം കാര്യങ്ങളിലാണ് ഉപദേശം തേടിയിട്ടുള്ളത് എന്നും വ്യക്തമാക്കുമോ ; | (എഫ്) | ഒരു പൊതു ആവശ്യത്തിനുവേണ്ടി സർക്കാർ ഏറ്റെടുത്ത ഭൂമി അന്യാധീനപ്പെടാതിരിക്കാൻ എന്തെങ്കിലും സാദ്ധ്യതയുണ്ടോ എന്നത് സംബന്ധിച്ച് നിയമോപദേശം നൽകാനാണ് അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. |
| (ജി) | പ്രസ്തുത ഭൂമി പേരാമ്പ്ര ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കേസ് സംബന്ധിച്ച് കാലതാമസം ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ ? | (ജി) | ഉണ്ട്. കോടതി വിധികളുടെ അടിസ്ഥാനത്തിൽ മാത്രമേ ഈ വിഷയത്തിൽ നടപടി സ്വീകരിക്കാൻ നിർവ്വാഹമുള്ളൂ. |

സെക്ഷൻ ഓഫീസർ.